3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No. 2302(5)/19/SIC

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 16704/SIC-G7/2019

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി –20.12.2022

**അഡ്വ. വി. രാജീവൻ,**
**വെളുത്തേടത്ത് ഹൗസ്,**
**തൊറയൂർ പി.ഒ,**
**പയ്യോളി അങ്ങാടി വഴി,**
**കോഴിക്കോട് – 673 523.**

} **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**കേരള സംസ്ഥാന വഖഫ് ബോർഡ്,**
**പ്രാദേശിക കാര്യാലയം,**
**ഏറോത്ത് സെന്റർ, ബാങ്ക് റോഡ്,**
**കോഴിക്കോട് – 673 001.**

**അപ്പീൽ അധികാരി,**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,**
**കേരള സ്റ്റേറ്റ് വഖഫ് ബോർഡ്,**
**കലൂർ, കൊച്ചി.**

} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 10.06.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 09.07.2019 |
| ഒന്നാംഅപ്പീൽ | 06.09.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | -- |
| രണ്ടാംഅപ്പീൽ | 15.10.2019 |
| ഹിയറിംഗ്തീയതി | 27.04.2022 |

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. വഖഫ് രജിസ്റ്റർ നം. 4851/ ആർ.എ ന്റെ സ്വത്ത് വകകൾ അന്യാധീനപ്പെട്ട് പോകുന്നത് സംബന്ധിച്ചും ഭരണ സംബന്ധമായ അനുബന്ധ ഹർജികൾ സംബന്ധിച്ചുള്ള വിവരങ്ങളായിരുന്നു. മൂന്ന് ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരങ്ങളിൽ രണ്ടാമത്തെ ചോദ്യത്തിനുള്ള വിവരം ലഭ്യമായിട്ടില്ല എന്ന് പരാതിപ്പെട്ടുകൊണ്ട് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

2. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചക്കുകയുണ്ടായി. ഹീയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. അപേക്ഷയിൽ രണ്ടാം നമ്പരായി ആവശ്യപ്പെട്ട വിവരം ബോർഡിന്റെ ഹെഡ് ഓഫീസുമായി ബന്ധപ്പെട്ടതായതിനാൽ 26.06.2019 തീയതി ഹെഡ് ഓഫീസിലേയ്ക്ക് അയച്ചു നൽകിയെന്നും 06.09.2019 ന് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് അപേക്ഷകന് വിവരം ലഭ്യമാക്കിയിട്ടില്ലായെന്നതിനാൽ ടിയാൻ ആവശ്യപ്പെട്ട ഫയലിൽ ലഭ്യമായ രേഖകൾ സൗജന്യമായി നൽകുന്നതിന് ഒന്നാം അപ്പീൽ അധികാരി 25.11.2019 തീയതി നിർദ്ദേശം നൽകിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ട രേഖകൾ 02.12.2019 തീയതി സൗജന്യമായി അയച്ചു നൽകിയന്നൊണ് കമ്മീഷനെ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചിട്ടുള്ളത്.

3. എസ്.പിഐ.ഒയടെ മൊഴിയും റിപ്പോർട്ടും വിശ്വസനീയമായി എടക്കുന്നുണ്ടെങ്കിലും അപേക്ഷയിലെ രണ്ടാമത്തെ ചോദ്യത്തിന് ഒരിക്കൽ കൂടി രേഖകൾ സൗജന്യമായി അയച്ചു നൽകുവാൻ എസ്.പിഐ.ഒയ്ക്ക് നിർദ്ദേശം നൽകി കൊണ്ട് ഈ അപ്പീൽ ഹർജിയിമേലുള്ള എല്ലാ നടപടികളും അവസാനിപ്പിച്ച് **ഇന്നേ ദിവസം 2022 ഡിസംബർ മാസം 20 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

**(ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT.